LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15-9-2017-ലെ സ.ഉ.(കൈ)നമ്പർ.75/2017/തൊഴിൽ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും പ്രസ്തുത ഡിസ്പെൻസറിക്ക് പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.

## തൊഴിൽ നിയമങ്ങളിൽ മാറ്റം

278 (2808) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിവൽ വന്നശേഷം തൊഴിൽ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ അത് ഉറപ്പ് വരുത്തുവാൻ കേവല വേതന അവകാശ ബിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചർമാർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും ടി നിയമപ്രകാരം നിലവിലുള്ള പിഴ തുക 500 രൂപയിൽനിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടും മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകിയിട്ടുണ്ട്.

2018-ലെ കേരള ഷോപ്പ്സ് ആൻഡ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകുന്നതിന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിനും ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി മുഖേന വരുത്തിയിട്ടുണ്ട്. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമപ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം 5,000 രൂപ എന്നത് ഒരു ലക്ഷം രൂപയായും 10,000 രൂപ എന്നത് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമം 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (എസ്) ഭേദഗതി ചെയ്തിട്ടുണ്ട്. വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് അയയ്ക്കുന്ന റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ കൊറിയർ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന തരത്തിൽ വ്യവസായ തൊഴിൽ തർക്ക ചട്ടത്തിലെ ചട്ടം 26A-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

1974-ലെ കേരള കോൺട്രാക്ട് ലേബർ റഗുലേഷൻ ആൻഡ് അബോളിഷൻ ചട്ടം 17 പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന അന്നുതന്നെ ലൈസൻസ് നൽകുന്നതിനും ചട്ടം 21 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1983-ലെ കേരള ഇതര സംസ്ഥാന തൊഴിലാളി ചട്ടത്തിൽ 2017-ൽ വന്ന ഭേദഗതി പ്രകാരം ചട്ടം (4)-ൽ രജിസ്ട്രേഷനും ലൈസൻസിനുമായി അപേക്ഷിക്കുന്ന അന്നുതന്നെ രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഭേദഗതി ചെയ്തിട്ടുണ്ട്.

2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ &ഫെസിലിറ്റേഷൻ ആക്ട് പ്രകാരം കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, കെട്ടിട നിർമ്മാണ തൊഴിലാളി നിയമം, ഇതര സംസ്ഥാന തൊഴിലാളി നിയമം, കരാർ തൊഴിലാളി നിയമം, മോട്ടോർ തൊഴിലാളി നിയമം എന്നീ നിയമ പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന അന്നേ ദിവസംതന്നെ രജിസ്ട്രേഷൻ

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചുമട്ടു തൊഴിലാളി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയെ തന്റെ സ്ഥാപനത്തിൽ ജോലിക്കായി നിയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്തു.

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ അത് ഉറപ്പ് വരുത്തുവാൻ കേവല വേതന അവകാശ ബിൽ കൊണ്ടുവരണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പാക്കിയിട്ടില്ല. എന്നാൽ ഈ മേഖലയിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് മിനിമം വേതനം നിലവിലുണ്ട്. സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി Kerala payment of Minimum Wages to Teachers of Unaided Educational Institution Bill 2014-ന്റെ കരട് തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം**

279 (2809) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇരിക്കുവാനും വിശ്രമിക്കുവാനും സൗകര്യം ഒരുക്കണമെന്ന കേരള ഷോപ്പ്സ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ ഭേദഗതി അനുസരിച്ച് ലേബർ വകുപ്പ് ഉദ്യോഗസ്ഥർ ഏതെങ്കിലും ഷോപ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനയിൽ ജീവനക്കാർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നില്ലെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഓരോ ജില്ലയിലും ലേബർ ഓഫീസർമാർ പരിശോധന നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഇക്കാര്യത്തിൽ നിയമാനുസരണം നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly